“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/431/2025-C (1)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയതി: **30-09-2026**

<u>താൽപ്പര്യപത്രം</u>

താൽപ്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി	**14/10/2026 - 3 PM**
താൽപ്പര്യപത്രം തുറക്കുന്ന തീയതി	**14/10/2026 - 5 PM**
അടങ്കൽ തുക	**1,00,000/-** രൂപ (ഒരു ലക്ഷം രൂപ മാത്രം)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസേർച്ച് ടെയിനിങ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് -17 നടത്തുന്ന **"Ethnic Taste of Kerala A Research-cum-Entrepreneurship Study of Tribal Cuisine"** എന്ന പദ്ധതിയുടെ ഭാഗമായി **വകുപ്പ് വയനാട് ജില്ലയിൽ വെച്ച്** നടത്തുന്ന ഡോക്യുമെന്റേഷൻ ആൻഡ് റിവൈവൽ ഓഫ് എത്നിക് ക്യുസൈൻ പരിപാടിയിൽ ഫോട്ടോ/വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യാനായി, ഗോത്ര ഫോട്ടോഗ്രാഫിയിലും വീഡിയോ എഡിറ്റിങ്ങിലും പരിചയമുള്ള, (മോഡലിങ്ങ്/അഭിനയം, ഫോട്ടോഗ്രാഫിയിലും & ഡയറക്ഷനിലും) താത്പര്യമുള്ള താഴെ പറയുന്ന യോഗ്യതകൾ ഉള്ള ഫോട്ടോഗ്രാഫർമാരിൽ നിന്നും പ്രായഭേദമന്യേ താൽപ്പര്യപത്രം ക്ഷണിക്കുന്നു.

കേരളത്തിലെ വിവിധ ഗോത്രവിഭാഗങ്ങളുടെ ഭക്ഷണരീതികൾ, ഭക്ഷ്യവിളകൾ, കാട്ടുഭക്ഷണങ്ങൾ, ഔഷധഗുണമുള്ള വിഭവങ്ങൾ, പാചകരീതികൾ, പോഷകഗുണങ്ങൾ, ഭക്ഷണവുമായി ബന്ധപ്പെട്ട ആചാരങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് രേഖപ്പെടുത്തുകയും അവയെ സംരംഭകത്വ സാധ്യതകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ആധുനിക ഭക്ഷണരീതികളുടെ വ്യാപനത്തോടെ അനേകം പരമ്പരാഗത ഗോത്രവിഭവങ്ങളും പാചകരീതികളും ഉപയോഗത്തിൽ നിന്ന് അപ്രത്യക്ഷമാകുന്ന സാഹചര്യത്തിൽ അവയെ പുനരുജ്ജീവിപ്പിക്കുകയും സമൂഹത്തിന് പരിചയപ്പെടുത്തുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ചുമതലകൾ

1. വയനാട്ടിലെ സമുദായത്തിന്റെ ഭക്ഷണവുമായി ബന്ധപ്പെട്ട ഫോട്ടോകളും വീഡിയോകളും തയ്യാറാക്കണം.

2. ഒരു ആൽബം തയ്യാറാക്കി സമർപ്പിക്കണം.
3. കിർടാഡ്സ്സിൽ നടക്കുന്ന **10** ദിവസത്തെ പരിശീലനത്തിൽവന്ന് ഫോട്ടോകൾ/വീഡീയോകൾ എടുക്കണം.
4. ഓരോ ആഹാരവും പാചകം ചെയ്യുന്നതും പ്രോസസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു മിനുട്ട് ദൈർഘ്യമുള്ള റീൽ ചെയ്യണം.

യോഗ്യതകൾ

1. അപേക്ഷകർക്ക് ഗോത്രസമൂഹങ്ങളുടെ ഫോട്ടോഗ്രാഫിയിൽ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.
2. ഫോട്ടോഗ്രാഫിയിൽ കുറഞ്ഞത് **10** വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം.
3. ഗോത്രമേഖലയെക്കുറിച്ചുള്ള അറിവ് അഭികാമ്യം.
4. വീഡിയോകളും സോഷ്യൽ മീഡിയ റീലുകളും ഹാൻഡ്ഔട്ടുകളും തയ്യാറാക്കുന്നതിനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

താല്പര്യമുള്ളവർക്ക് അവരുടെ ഫോട്ടോ, ബയോഡാറ്റ, പൂർണ്ണമായ വിലാസം ഫോൺ നമ്പർ, വാട്സ്ആപ്പ് നമ്പർ, ഈമെയിൽ ഐഡി, മുൻപ് ചെയ്ത വീഡിയോ/റീൽ എന്നിവയുടെ സാമ്പിൾ **ഒരു കവറിലും** പ്രവൃത്തികൾ ചെയ്യുന്നതിന് **ആവശ്യമായ തുക വിവരം** അടങ്ങിയത് മറ്റൊരു കവറിലും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള താൽപ്പര്യപത്രം, രണ്ട് കവറുകളും കൂടി സീൽചെയ്ത ഒരു കവറിൽ **"ഡയറക്ടർ, കിർടാഡ്സ് വകുപ്പ്, ചേവായൂർ പി.ഒ, കോഴിക്കോട് - 673017"** എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്. വർക്കുകളുടെ ഫോട്ടോ/ വീഡിയോ മാത്രം **dskirtads@gmail.com** എന്ന വിലാസത്തിൽ ഇ.മെയിൽ അയക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കായി **9446738384** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താൽപ്പര്യപത്രം സംബന്ധിച്ച അന്തിമ തീരുമാനം കിർടാഡ്സ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

Digitally signed by
BINDU S
Date: 30-09-2026
18:37:52

ഡയറക്ടർ

പകർപ്പ്:
1. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട്.
2. കംപ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. നോട്ടീസ് ബോർഡ്
4. ആഫീസ് പകർപ്പ്